# അധ്യായം – 6
# സംസ്കൃതോത്സവം

സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ സംസ്കൃതോത്സവത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.
സ്കൂൾ കലോത്സവ മാന്വലിലെ നിബന്ധനകൾ സംസ്കൃതോത്സവത്തിനും ബാധകമാണ്.

**കാറ്റഗറി – I (V-VII)**

6.01 ഈ കാറ്റഗറിയിൽ അഞ്ചു മുതൽ ഏഴു വരെ ക്ലാസ്സുകളിൽ സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന വിദ്യാർത്ഥികളാണു മത്സരത്തിൽ പങ്കെടുക്കേണ്ടത്.

6.02 സ്കൂൾ, ഉപജില്ല, ജില്ല എന്നീ തലങ്ങളിലാണ് മത്സരം നടക്കുക.

6.03 ഓരോ ഇനത്തിലും ‘എ’ ഗ്രേഡ് ലഭിച്ച് ഒന്നാം സ്ഥാനം നേടുന്നവർക്കു മാത്രമേ അടുത്ത തലത്തിലുള്ള മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

6.04 മത്സര ഇനങ്ങൾ താഴെക്കൊടുത്തിരിക്കുന്നതുപോലെ പത്തൊൻപതു വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു.

| നം. | ഇനം | സമയം |
|---|---|---|
| 1 | ഉപന്യാസ രചന (പൊതുമത്സരം) | 90 മിനിറ്റ് |
| 2 | കഥാരചന (പൊതുമത്സരം) | 90 മിനിറ്റ് |
| 3 | കവിതാരചന (പൊതുമത്സരം) | 90 മിനിറ്റ് |
| 4 | സമസ്യാപൂരണം (പൊതുമത്സരം) | 90 മിനിറ്റ് |
| 5 | അക്ഷരശ്ലോകം (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 6 | പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 7 | പദ്യം ചൊല്ലൽ (ആൺ) | 5 മിനിറ്റ് |
| 8 | പദ്യം ചൊല്ലൽ (പെൺ) | 5 മിനിറ്റ് |
| 9 | സിദ്ധരൂപോച്ചാരണം (ആൺ) | 5 മിനിറ്റ് |
| 10 | സിദ്ധരൂപോച്ചാരണം (പെൺ) | 5 മിനിറ്റ് |
| 11 | ഗാനാലാപനം (ആൺ) | 5 മിനിറ്റ് |
| 12 | ഗാനാലാപനം (പെൺ) | 5 മിനിറ്റ് |
| 13 | കഥാകഥനം (പൊതുമത്സരം) | 5 മിനിറ്റ് |
| 14 | ഗദ്യപാരായണം (പൊതുമത്സരം) | 5 മിനിറ്റ് |
| 15 | പ്രഭാഷണം (പൊതുമത്സരം) | 5 മിനിറ്റ് |
| 16 | സംഘഗാനം (7 പേർ) (പൊതുമത്സരം) | 5 മിനിറ്റ് |
| 17 | നാടകം (7+3 പിന്നണി) (പൊതുമത്സരം)<br>പിന്നണിയിൽ കുട്ടികൾ ആയിരിക്കണം | 30 മിനിറ്റ് |
| 18 | വന്ദേമാതരം (7 പേർ) (പൊതുമത്സരം) | 70 സെക്കന്റ് |
| 19 | കൂടിയാട്ടം (7 പേർ) (പൊതുമത്സരം) | 30 മിനിറ്റ് |

## കാറ്റഗറി – **II (VIII-X)**

6.05 ഈ കാറ്റഗറിയിൽ എട്ടു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

6.06 സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നീ നാലു തലങ്ങളിലാണു മത്സരങ്ങൾ നടക്കുന്നത്.

6.07 മത്സര ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്നതുപോലെ 19 ആയി തിരിച്ചിരിക്കുന്നു.

| നം. | ഇനം | സമയം |
|---|---|---|
| 1 | ഉപന്യാസ രചന (പൊതുമത്സരം) | 90 മിനിറ്റ് |
| 2 | കഥാരചന (പൊതുമത്സരം) | 90 മിനിറ്റ് |
| 3 | കവിതാ രചന (പൊതുമത്സരം) | 90 മിനിറ്റ് |
| 4 | സമസ്യാപൂരണം (പൊതുമത്സരം) | 90 മിനിറ്റ് |
| 5 | അക്ഷരശ്ലോകം (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 6 | പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 7 | പദ്യം ചൊല്ലൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 8 | പ്രഭാഷണം (പൊതുമത്സരം) | 5 മിനിറ്റ് |
| 9 | ചമ്പുപ്രഭാഷണം (പൊതുമത്സരം) | 10 മിനിറ്റ് |
| 10 | പാഠകം (ആൺ) | 15 മിനിറ്റ് |
| 11 | പാഠകം (പെൺ) | 15 മിനിറ്റ് |
| 12 | അഷ്ടപദി (ആൺ) | 10 മിനിറ്റ് |
| 13 | അഷ്ടപദി (പെൺ) | 10 മിനിറ്റ് |
| 14 | ഗാനാലാപനം (ആൺ) | 5 മിനിറ്റ് |
| 15 | ഗാനാലാപനം (പെൺ) | 5 മിനിറ്റ് |
| 16 | കൂടിയാട്ടം 7 പേർ (പൊതുമത്സരം) | 30 മിനിറ്റ് |
| 17 | നാടകം (7+3 പിന്നണി) പൊതുമത്സരം<br>പിന്നണിയിൽ കുട്ടികൾ ആയിരിക്കണം | 30 മിനിറ്റ് |
| 18 | വന്ദേമാതരം (7 പേർ) പൊതുമത്സരം | 70 സെക്കന്റ് |
| 19 | സംഘഗാനം (7 പേർ) പൊതുമത്സരം | 5 മിനിറ്റ് |

6.08 ജില്ലാതലത്തിൽ 'എ' ഗ്രേഡ് കിട്ടി ടോപ് സ്കോർ നേടിയ ഒരു കുട്ടിയെ/ഒരു ഗ്രൂപ്പിനെയാണു സംസ്ഥാനതലത്തിൽ അയയ്ക്കേണ്ടത്.

6.09 ഒരു കുട്ടിക്കു പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ മത്സരിക്കുവാൻ പാടുള്ളു.